**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 617** **02-02-2023 - ൽ മറുപടിയ്ക്ക്**

**എം.എസ്.എം.ഇ. യൂണിറ്റുകളുടെ പുനരുദ്ധാരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി.വി. ശ്രീനിജിൻ</td><td colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>എം.എസ്.എം.ഇ. യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;</td><td>(എ)</td><td>സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട് .<br><br>Revival and rehabilitation scheme for defunct MSMEs and cashew processing units<br><br>കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പടെയുള്ള പ്രവർത്തന രഹിതമായ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങളെ സ്ഥിര നിക്ഷേപത്തിനും പ്രവർത്തന മൂലധനത്തിനും സഹായം നൽകി പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതിയാണ് ഇത്. പദ്ധതിയിൽ താഴെപറയുന്ന പ്രകാരം സാമ്പത്തിക സഹായം അനുവദിക്കുന്നു.<br><br>കെട്ടിട നവീകരണം:- മൊത്തം പുനരുദ്ധാരണ പദ്ധതി ചെലവിന്റെ 25%, 2 ലക്ഷം രൂപയായി നിജപ്പെടുത്തി അനുവദിക്കുന്നു.<br><br>പ്ലാന്റും മെഷിനറിയും വൈദ്യുതീകരണവും:-മൊത്തം പുനരുദ്ധാരണ പദ്ധതി ചെലവിന്റെ 40%, 8 ലക്ഷം രൂപയായി നിജപ്പെടുത്തി അനുവദിക്കുന്നു.<br><br>പ്രവർത്തന മൂലധനം (മാർജിൻ):- ധനകാര്യ സ്ഥാപനം അനുവദിക്കുന്ന പ്രവർത്തന മൂലധനവായ്പയുടെ മാർജിന്റെ 50%, പ്രവർത്തനരഹിതമായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 2 ലക്ഷം രൂപയും കശുവണ്ടി മേഖലയിലെ സംരംഭങ്ങൾക്ക് 5 ലക്ഷം രൂപയും നിജപ്പെടുത്തി അനുവദിക്കുന്നു. പദ്ധതിയിലൂടെയുള്ള ആകെ ധനസഹായം പ്രവർത്തന രഹിതമായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 12 ലക്ഷം രൂപയായും കശുവണ്ടി മേഖലയിലെ സംരംഭങ്ങൾക്ക് 15 ലക്ഷം രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്.<br><br>The Kerala stressed MSMEs Revival & Rehabilitation Scheme<br><br>തകർച്ച നേരിടുന്ന പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ ഉല്പാദന രഹിതമായ ആസ്തികൾ ഉല്പാദന ആസ്തികളാക്കി മാറ്റുന്നതിനും 5 ലക്ഷം രൂപ വരെ സാമ്പത്തിക സഹായവും മറ്റു കൈത്താങ് സഹായവും നൽകുന്ന പദ്ധതിയാണ്.<br><br>പദ്ധതി പ്രകാരം,<br><br>1. നിലവിലുള്ള ബാങ്ക് വായ്പ പുനർക്രമീകരിച്ചു ബാങ്ക് നൽകുന്ന അധിക വായ്പയ്ക്ക്ആവശ്യമായ ഉണഭോക്തൃ വിഹിതത്തിന്റെ 50% പരമാവധി 2 ലക്ഷം രൂപ വരെ സാമ്പത്തിക സഹായമായി നൽകുന്നു.<br><br>2. വിദഗ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ള പുനരുദ്ധാ<br><br>രണ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ ബാങ്ക് നൽകുന്ന അധിക വായ്പയിൽ ആദ്യ വർഷം 6% പലിശ സബ്സിഡിയായി പരമാവധി 1 ലക്ഷം രൂപ നൽകുന്നു.<br><br>3. പുനപ്രവർത്തന സഹായമായി ധനകാര്യ സ്ഥാപനത്തിന്റെ വായ്പാസഹായമില്ലാതെ പുനരുദ്ധാരണ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതി ശുപാർശ ചെയ്യുന്ന പ്രകാരം അധികമായി വാങ്ങുന്ന മെഷിനറികളുടെ വിലയുടെ 50%, പരമാവധി 1.5 ലക്ഷം രൂപ സാമ്പത്തിക സഹായമായി നൽകുന്നു.<br><br>4. നിലവിലുള്ള മെഷിനറികളുടെയും കെട്ടിടത്തിന്റെയും അടിയന്തിര അറ്റകുറ്റപണികൾക്കുള്ള ചെലവിന്റെ 50% പരമാവധി 1 ലക്ഷം രൂപ തിരിച്ചു നൽകുന്നു<br><br>5. കെ.എസ്.ഇ.ബി, ജി.എസ്.റ്റി, എക്സൈസ്, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയ എജൻസികളിൽ നിന്നുള്ള കടിശ്ശിക തീർക്കുന്നതിന് 50%, പരമാവധി 40,000/-രൂപ വരെ സഹായം നൽകുന്നു.<br><br>6. പുനരുദ്ധാരണ പദ്ധതി രേഖ (Revival Project Report) തയ്യാറാക്കുന്നതിനുള്ള ചെലവിന്റെ 100% (ഒരു യൂണിറ്റിന് പരമാവധി 10,000/-രൂപ വരെ) തിരികെ നൽകുന്നു.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതി പ്രകാരം എത്ര യൂണിറ്റുകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര തുക</td><td>(ബി)</td><td>പ്രസ്തുത പദ്ധതിപ്രകാരം അനുവദിച്ചിട്ടുള്ള ധനസഹായം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br><table><tr><th>ക്രമ.നം</th><th>ജില്ല</th><th>Revival and rehabilitation scheme for defunct MSMEs and cashew processing units<br><br>(2851-00-102-26)</th></tr></table></td></tr>
</table>

ചെലവഴിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

| | | 2020-21 | | 2021-22 | | 2022-23 | |
|---|---|---|---|---|---|---|---|
| | | തുക (ലക്ഷംരൂ) | എണ്ണം | തുക (ലക്ഷംരൂ) | എണ്ണം | തുക (ലക്ഷംരൂ) | എണ്ണം |
| 1 | തിരുവനന്തപുരം | -0- | 0 | 3.71 | 2 | 0 | 0 |
| 2 | കൊല്ലം | -0- | 0 | 32.66 | 4 | 3.06 | 1 |
| 3 | പത്തനംതിട്ട | -0- | 0 | 24.2 | 7 | 0 | 0 |
| 4 | ആലപ്പുഴ | -0- | 0 | 0 | 0 | 0 | 0 |
| 5 | കോട്ടയം | -0- | 0 | 11.13 | 4 | 5.23 | 1 |
| 6 | ഇടുക്കി | -0- | 0 | 0 | 0 | 4.52 | 1 |
| 7 | എറണാകുളം | -0- | 0 | 0 | 0 | 0.91 | 1 |
| 8 | തൃശ്ശൂർ | -0- | 0 | 0 | 0 | 0 | 0 |
| 9 | പാലക്കാട് | -0- | 0 | 0 | 0 | 2.12 | 1 |
| 10 | മലപ്പുറം | -0- | 0 | 0 | 0 | 2.45 | 2 |
| 11 | കോഴിക്കോട് | -0- | 0 | 0 | 0 | 10 | 2 |
| 12 | വയനാട് | -0- | 0 | 0 | 0 | 9.72 | 3 |
| 13 | കണ്ണൂർ | -0- | 0 | 0 | 0 | 0 | 0 |
| 14 | കാസർഗോഡ് | -0- | 0 | 0 | 0 | 0 | 0 |

| **ക്രമ.നം** | **ജില്ല** | **The Kerala stressed MSMEs Revival & Rehabilitation Scheme (2851-00-102-33)** | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | 2019-20 | | 2020-21 | | 2021-22 | | 2022-23 | |
| | | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം |
| 1 | തിരുവനന്തപുരം | 0 | 0 | 0 | 0 | 5 | 23 | 0 | 0 |
| 2 | കൊല്ലം | 1.14 | 1 | 1.21 | 1 | 0 | 0 | 0 | 0 |
| 3 | പത്തനംതിട്ട | 0 | 0 | 0 | 0 | 4.5 | 9 | 0 | 0 |
| 4 | ആലപ്പുഴ | 0 | 0 | 1.35 | 1 | 8.28 | 89 | 0 | 0 |
| 5 | കോട്ടയം | 0 | 0 | 0 | 0 | 5 | 32 | 0 | 0 |
| 6 | ഇടുക്കി | 0 | 0 | 0 | 0 | 5 | 23 | 0 | 0 |
| 7 | എറണാകുളം | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 8 | തൃശ്ശൂർ | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 9 | പാലക്കാട് | 0 | 0 | 0 | 0 | 5 | 14 | 0 | 0 |
| 10 | മലപ്പുറം | 0 | 0 | 6.96 | 5 | 5 | 3 | 0 | 0 |
| 11 | കോഴിക്കോട് | 0 | 0 | 0 | 0 | 9 | 23 | 0 | 0 |
| 12 | വയനാട് | 0 | 0 | 0 | 0 | 5 | 19 | 2.9 | 2 |
| 13 | കണ്ണൂർ | 0 | 0 | 0 | 0 | 3.6 | 2 | 0 | 0 |
| 14 | കാസർഗോഡ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

സെക്ഷൻ ഓഫീസർ